## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

വിഷയം:- ആ.വ.ഡ. -ജീവനക്കാര്യം -ശ്രീ. വിജയകുമാർ പി, ലേ സെക്രട്ടറി ആന്റ് ട്രഷറർ, താലൂക്ക് ആസ്ഥാന ആശുപത്രി, തിരുവല്ല, പത്തനംതിട്ട -ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് അനുസരിച്ച്, ജില്ലാ ആശുപത്രി, നിലമ്പൂരിലേക്ക് സ്ഥലം മാറ്റം അനുവദിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ. നം. 451/18 നമ്പർ കേസിലെ 10/04/2018 -ലെ ഉത്തരവ്.

**ഉത്തരവ് നമ്പർ ഇഡി3-4259/2018/ആ.വ.ഡ.,തീയതി: 12/06/2018.**

പത്തനംതിട്ട ജില്ലയിലെ തിരുവല്ല താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ലേ സെക്രട്ടറി ആന്റ് ട്രഷറർ ആയ ശ്രീ. വിജയകുമാർ പി. മലപ്പുറം ജില്ലയിലേക്ക് സ്ഥലംമാറ്റം ലഭിക്കാത്തതിനെ തുടർന്ന് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യുണലിൽ ഒ.എ.451/2018 പ്രകാരം കേസ് ഫയൽ ചെയ്യുകയുണ്ടായി. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 10/04/2018 -ലെ ഉത്തരവ് പ്രകാരം ശ്രീ. പി. വിജയകുമാർ -നെ. നിലമ്പൂർ ജില്ലാ ആശുപത്രിയിൽ 31/05/2018 -ൽ വരുന്ന ലേ സെക്രട്ടറിയുടെ ഒഴിവിൽ നിയമനം നടത്തുന്നതിന് ശ്രീ പി വിജയകുമാറിന്റെ അപേക്ഷയിന്മേൽ അനക്സ്ചർ (20) തീരുമാനമെടുക്കുന്നതിന് ഉത്തരവായിരുന്നു.

മേൽ സാഹചര്യത്തിൽ ശ്രീ. പി. വിജയകുമാർ, ലെ സെക്രട്ടറി ആന്റ് ട്രഷററുടെ അപേക്ഷ പരിഗണിച്ച് നിലമ്പൂർ ജില്ലാ ആശുപത്രിയിലെ ലേ സെക്രട്ടറിയുടെ നിലവിലുള്ള ഒഴിവിൽ നിയമിച്ചുകൊണ്ട് കോടതി വിധി നടപ്പിലാക്കി ഇതിനാൽ ഉത്തരവാകുന്നു.

ശ്രീ. വിജയകുമാർ പി. അടിയന്തിരമായി നിലമ്പൂർ ജില്ലാ ആശുപത്രി സൂപ്രണ്ടു മുൻപാകെ ജോലിക്കായി ഹാജരാകേണ്ടതാണ്.

വിടുതൽ ചെയ്യുന്ന തീയതിയും, ജോലിയിൽ പ്രവേശിക്കുന്ന തീയതിയും ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

(ഒപ്പ്)
ഡോ. സരിത ആർ. എൽ.
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്:
ശ്രീ. വിജയകുമാർ പി., ലേ സെക്രട്ടറി ആന്റ് ട്രഷറർ, നിലമ്പൂർ, മലപ്പുറം.

പകർപ്പ്-

1. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി.എ.
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), മലപ്പുറം.
3. സൂപ്രണ്ട്, ജില്ലാ ആശുപത്രി, നിലമ്പൂർ, മലപ്പുറം.
4. സൂപ്രണ്ട്, താലൂക്ക് ആസ്ഥാന ആശുപത്രി, തിരുവല്ല, പത്തനംതിട്ട.
5. ഫയൽ/കരുതൽ ഫയൽ.

//അംഗീകാരത്തോടെ//

സൂപ്രണ്ട്